**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 393** **07-10-2024 - ൽ മറുപടിയ്ക്ക്**

**ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുമ്പ് തന്നെ അടുത്ത വർഷത്തെ വികസന പദ്ധതികൾക്ക് രൂപം നൽകുന്ന രീതിയിലേക്ക് തദ്ദേശ ഭരണസ്ഥാപനങ്ങൾ മാറിയതിന്റെ ഫലമായി പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ ആരംഭിക്കാൻ കഴിയുന്നുണ്ട്. നാടിന്റെ സുസ്ഥിര വികസനം ലക്ഷ്യമാക്കി ഉത്പാദനം, ഉത്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, തൊഴിൽ സൃഷ്ടി ഉറപ്പാക്കുക, അതിജീവന ക്ഷമത വർദ്ധിപ്പിക്കുക, ദാരിദ്ര്യം ഇല്ലാതാക്കുക, സാമൂഹ്യനീതിയും ലിംഗസമത്വവും ഉറപ്പാക്കുക, ഉയർന്ന ഗുണനിലവാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ, മാലിന്യ നിർമ്മാർജ്ജനം, ജനസൗഹൃദ സദ്ഭരണം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിലെ പുരോഗതി എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് സ.ഉ(കൈ)നം.84/2022/തസ്വഭവ; തീയതി 19.04.2022, സ.ഉ(കൈ)നം.86/2022/തസ്വഭവ; തീയതി 19.04.2022 എന്നിവ പ്രകാരം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ പരിഷ്കരണം നടത്തുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>തദ്ദേശഭരണ സ്ഥാപനങ്ങളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് വിവിധ വിഭാഗം ഫണ്ടുകൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നൽകുന്ന ജനറൽ പർപ്പസ് ഫണ്ട് സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ 3.5 ശതമാനത്തിൽ നിന്നും 4 ശതമാനമായും മെയിന്റനൻസ് ഫണ്ട് സംസ്ഥാന |

| | | | |
|---|---|---|---|
| | | | തനത് നികുതി വരുമാനത്തിന്റെ 6 ശതമാനത്തിൽ നിന്ന് 6.5 ശതമാനമായും വർദ്ധിപ്പിച്ചിട്ടുണ്ട്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന വികസന ഫണ്ട് വിഹിതം സംസ്ഥാന പദ്ധതി അടങ്കലിന്റെ 0.5 ശതമാനം വീതം ഓരോ വർഷവും വർദ്ധിപ്പിച്ച് 30 ശതമാനത്തിലെത്തിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് തൊട്ടടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ തുക അനുവദിക്കുന്നതിനും വ്യവസ്ഥയുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ സാമ്പത്തിക ശാക്തീകരണത്തിനുവേണ്ടി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.<br><br>ത്രിതല പഞ്ചായത്തുകളുടെ ദൈനംദിന പ്രവർത്തനങ്ങളുടെയും സേവനപ്രദാനത്തിന്റെയും, സുതാര്യതയും കാര്യക്ഷമതയും മെച്ചപ്പെടുത്തുന്നതിനു വേണ്ടി ഐ.എൽ.ജി.എം.എസ്. എന്ന ഓൺലൈൻ പോർട്ടൽ വിജയകരമായി ഉപയോഗിച്ചുവരുന്നത്, വിവരസാങ്കേതികവിദ്യയുടെ ആധുനിക സാധ്യതകളെല്ലാം ഉപയോഗപ്പെടുത്തി മെച്ചപ്പെടുത്തി, K-SMART എന്ന പേരിൽ അധികം വൈകാതെ ത്രിതല പഞ്ചായത്തുകളിൽ വിന്യസിക്കുന്നതാണ്.<br><br>ത്രിതല പഞ്ചായത്തുകളിൽനിന്നുള്ള സേവനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി സിറ്റിസൺ അസിസ്റ്റന്റ് എന്ന പേരിൽ താലൂക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ സ്ഥിരം അദാലത്ത് സംവിധാനവും നടപ്പാക്കിയിട്ടുണ്ട്.<br><br>തദ്ദേശ സ്ഥാപനങ്ങളുടെ വികസന പ്രശ്നങ്ങൾക്ക് നൂതനാശയ രൂപീകരണത്തിലൂടെ പരിഹാരം കണ്ടെത്തുന്നതിനും, അവരെ സഹായിക്കുന്നതിനും കെ-ഡിസ്ക് മുഖേന 'ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ആശയം' എന്ന പദ്ധതിയും നടപ്പാക്കി വരുന്നുണ്ട്. |
| (ബി) | ജനങ്ങൾക്ക് ഏറ്റവും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനും പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും എംപ്ലോയ്മെന്റ് സെൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശ സ്ഥാപനതലത്തിൽ സംരംഭകത്വ തൊഴിൽ വികസന കൗൺസിലുകൾ, സംരംഭകത്വ തൊഴിൽ ഹെൽപ് ഡെസ്കുകൾ, നഗരസഭകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും എംപ്ലോയബിലിറ്റി സെന്ററുകൾ എന്നിവ ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | തൊഴിലന്വേഷകർക്ക് തൊഴിൽ കണ്ടെത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടത്തുന്നതിനും അവരുമായി കൃത്യമായി സംവദിക്കുന്നതിനും ചുമതല നൽകിയിട്ടുള്ള കമ്മ്യൂണിറ്റി അംബാസ്സഡർമാർക്ക് പ്രവർത്തിക്കാനായി, കേരള നോളജ് ഇക്കോണമി മിഷന്റെ (KKEM) കീഴിൽ ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കാനും നടപടികളെടുത്തിട്ടുണ്ട്. തൊഴിലന്വേഷകർക്ക് DWMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാനും അനുയോജ്യമായ തൊഴിലിലേക്ക് അപേക്ഷിക്കാനും ഈ ഫെസിലിറ്റേഷൻ സെന്ററുകൾ പിന്തുണ നല്കുന്നു.<br><br>വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും പൊതുജനങ്ങൾക്കായി നൽകുന്ന സേവനങ്ങളെ കുറിച്ചുള്ള സംശയങ്ങൾ ദുരീകരിക്കുന്നതിനായി സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകളും ആരംഭിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ